# മതപരിവർത്തന നിരോധന നിയമം പുനഃപ്പരിശോധിക്കും: കേന്ദ്രം

## സാബു സാമുവേൽ



ന്യൂഡൽഹി : രാജ്യത്തെ ചില സംസ്ഥാനങ്ങളിൽ അടുത്ത കാലത്ത് ഭേദഗതി വരുത്തി നിയമമാക്കിയ മതപരിവർത്തന നിരോധന നിയമങ്ങളെ പുതിയ കേന്ദ്ര സർക്കാർ പുനഃപ്പരിശോധിക്കുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി പി.ചിദംബരമാണ് (ചിത്രം ഇടത്) ഭരണഘടനയുടെ ലംഘനങ്ങളായ ഈ നിയമങ്ങളെ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കാൻ ഒരുങ്ങുന്നത്. ഭാരതത്തിലെ ക്രിസ്തീയ പ്രവർത്തകർക്ക് തികച്ചും ആഹ്ലാദകരമാണ് ഈ നീക്കം.

നിലവിൽ അഞ്ച് സംസ്ഥാനങ്ങളിലാണ് മതപരിവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്ന കടുത്ത നിയമങ്ങൾ നിലവിലുള്ളത്. ഒറീസ, മദ്ധ്യപ്രദേശ്, ഛത്തിസ്ഗഢ്, ഹിമാചൽ പ്രദേശ്, ഗുജറാത്ത് എന്നിവയാണ് ആ സംസ്ഥാനങ്ങൾ. അരുണാചൽപ്രദേശിലും രാജസ്ഥാനിലും ഈ ബില്ലുകൾ പാസാക്കിയെങ്കിലും നിയമമായിട്ടില്ല. ബി.ജെ.പി ഭരിച്ചിരുന്ന രാജസ്ഥാൻ പിടിച്ചെടുത്ത കോൺഗ്രസ് സർക്കാർ ഈ ബില്ല് പിൻവലിക്കാൻ ഒരുങ്ങുകയാണ്. മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ടുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ നീക്കങ്ങളുണ്ടാകും.

മദ്ധ്യപ്രദേശിൽ ഭരണത്തിലിരിക്കുന്ന ബി.ജെ.പി ബില്ല് പാസാക്കുകയും ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ചെയ്തെങ്കിലും പ്രസിഡന്റിന്റെ അനുമതി ലഭിക്കാൻ സാദ്ധ്യതയില്ലെന്ന് രാഷ്ട്രപതിഭവനുമായി ബന്ധപ്പെട്ട വൃത്തങ്ങൾ വെളിപ്പെടുത്തി. മദ്ധ്യപ്രദേശ് മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ദിഗ്‌വിജയ് സിംഗ് ബില്ലിനെ ശക്തിയുക്തം എതിർത്തിരുന്നു. ഭരണഘടന നൽകുന്ന അവകാശം എടുത്തുകളയുന്ന ബില്ലാണിതെന്ന് വ്യക്തമാക്കിയ അദ്ദേഹം താൻ പത്ത് വർഷം മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ നിർബന്ധിത മതപരിവർത്തനം നടത്തിയെന്ന ഒറ്റ കേസ് പോലും ഉൺടായിട്ടില്ലെന്ന് വെളിപ്പെടുത്തി.

കർണ്ണാടകയിൽ ബി.ജെ.പി സർക്കാർ മതപരിവർത്തനങ്ങളെ തടയുന്നതിനുള്ള നിയമം കൊൺടുവരാനുള്ള ശ്രമത്തിലാണ്. നിയമ മന്ത്രി സുരേഷ് കുമാർ ഇങ്ങനെയൊരു നിയമം കൊൺടുവരണമെന്ന് ശക്തമായ ആവശ്യം ഉള്ളതായി പ്രസ്താവിച്ചിരുന്നു. എന്നാൽ തമിഴ്നാട്ടിൽ ഇത്തരം നിയമം കൊൺടുവന്ന് പെട്ടെന്ന് തന്നെ പിൻവലിക്കേൺടി വന്ന സാഹചര്യം വിലയിരുത്തിയ ശേഷം മാത്രമേ നിയമം കൊൺടുവരികയുള്ളൂ എന്നു മന്ത്രി സുരേഷ്കുമാർ പറഞ്ഞു.

ഹിമാചൽപ്രദേശിലാണ് ഏറ്റവും ശക്തമായ മതപരിവർത്തനം നിരോധന നിയമം നിലവിലുള്ളത്. ആരെയെങ്കിലും നിർബന്ധപൂർവ്വം മതപരിവർത്തനം നടത്തിയെന്ന് തെളിഞ്ഞാൽ രൺട് വർഷം തടവും 25,00 രൂപ പിഴയുമാണ് ശിക്ഷ. 30 ദിവസത്തിന് മുമ്പ് മതപരിവർത്തനം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരാൾ ജില്ലാ അധികാരിയെ അറിയിക്കണമെന്നും വ്യവസ്ഥയുൺട്. ഗുജറാത്തിലെ നിയമത്തിലും തത്തുല്യമായ വ്യവസ്ഥകൾ ഉൺട്.

ഭരണഘടനയുടെ ആർട്ടികൾ 25 പ്രകാരം ഒരു ഇന്ത്യൻ പൗരന് ഇഷ്ടമുള്ള മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം നൽകുന്നുൺട്. പ്രലോഭിപ്പിച്ച് മതപരിവർത്തനം നടത്തിയെന്നാരോപിച്ച് ക്രൈസ്തവ പ്രവർത്തകരം കള്ളക്കേസിൽ കുടുക്കാനുള്ള സാദ്ധ്യത ഈ നിയമങ്ങളിലെല്ലാം പതിയിരിക്കുന്നുൺട്. പുതിയ കേന്ദ്രസർക്കാരിന്റെ തീരുമാനം രാജ്യത്ത് മതന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വബോധം നൽകുമെന്ന് നിയമജ്ഞർ ചൂൺടികാണിക്കുന്നു.